# ഇടയ ലേഖനം 2021



"എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും
കൂട്ടി, ഇസ്രായേൽദേശത്തേക്കു മടങ്ങുക;"

(മത്തായി 2:20)

ബിഷപ്പ് പോൾ ഹിന്റർ

IUSTITIA ET PAX ET GAUDIUM - JUSTICE PEACE AND JOY



**ബിഷപ്പ് പോൾ ഹിന്റർ O. F. M. Cap.**

Front Cover Image: Artwork In the Saint Joseph's Cathedral Abu Dhabi, UAE

# “എഴുന്നേറ്റ് ശിശുവിനെയും അമ്മയേയും കൂട്ടി ഇസ്രായേൽ ദേശത്തേക്ക് മടങ്ങുക

(മത്തായി 2:20)

## വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തോടും കുടുംബങ്ങളുടെ വർഷത്തോടും അനുബന്ധിച്ച ഇടയലേഖനം.

**ബിഷപ്പ് പോൾ ഹിന്റർ O. F. M. Cap.**

**അപ്പസ്തോലിക് വികാർ ഓഫ് സതേൺ അറേബ്യാ**

അറേബ്യൻ വികാരിയേറ്റിലെ എല്ലാ വിശ്വാസികൾക്കുമായി

ക്രിസ്തുവിൽ എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ,

1. 2020 ഡിസംബർ എട്ടിന് ഫ്രാൻസിസ് മാർപാപ്പ 'പിതൃഹൃദയത്തോടെ' എന്ന ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചു. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം ആചരണത്തിന് അത് തുടക്കം കുറിച്ചു. സാർവ്വത്രിക സഭയുടെ സംരക്ഷകനായി വിശുദ്ധ യൗസേപ്പിതാവിനെ പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷിക ആഘോഷത്തിനും അതോടെ തുടക്കമായി. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19, 2021-ൽ. 'Amoris Laetitia Family" എന്ന, ഒരു വർഷം നീണ്ടുനില്ക്കുന്ന ആഘോഷങ്ങൾ ഫ്രാൻസിസ് മാർപാപ്പ ഉദ്ഘാടനം ചെയ്തു. 2022 ജൂൺ 22-ന് റോമിൽ നടക്കുന്ന പത്താമത് ലോകകുടുംബ സംഗമത്തോടെയാണ് ഒരു വർഷം നീളുന്ന ആഘോഷം അവസാനിക്കുക. വയോധികർ ഓരോ കുടുബത്തിന്റേയും അഭിവാജ്യ ഘടകമാണെന്ന് ഫ്രാൻസിസ് മാർപാപ്പ പലപ്പോഴായി പ്രതിപാദിച്ചിട്ടു്. അത ുകൊണ്ട് തന്നെ ജൂലായ് മാസത്തിലെ നാലാമത്തെ ഞായറാഴ്ച വയോധികരുടെയും മു ത്തശ്ശീമുത്തശ്ശന്മാരുടെയും പ്രത്യേക ദിനമായി പ്രഖ്യാപിച്ചിട്ടുണ്ട്. പരിശുദ്ധ അമ്മയുടെ മാതാപിതാക്കന്മാരായ ജോവാക്കിമിന്റെയും അന്നയുടെയും നാമഹേതുതിരുനാളിനോട് അടുത്ത വരുന്ന ദിനമാണ് ജൂലായ് മാസത്തിലെ നാലാമത്തെ ഞായർ. ഫ്രാൻസിസ് മാർപ ാപ്പ നേരത്തെ പറഞ്ഞിട്ടുള്ളതും വത്തിക്കാൻ Website-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ കാര്യങ്ങൾ വീണ്ടും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.'വിശുദ്ധ യൗസേപ്പിതാവിന്റെ വർഷ'മായും 'കുടുംബങ്ങളുടെ വർഷ'മായും 2021 ആചരിക്കുന്ന സാഹചര്യത്തിൽ ഗൾഫ് രാജ്യങ്ങളുടെ പശ്ചാത്തലത്തിൽ ഏതാനും ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാന ാണ് ' ഇടയലേഖനത്തിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്. Covid 19 മഹാമാരിയുടെ ആഘാതം നമ്മുടെ ജീവിതങ്ങളെ ബാധിച്ചിരിക്കുന്ന സാഹചര്യത്തിലാണ് ഇത്.

2. വ്യക്തിപരമായും കുടുംബപരമായും നിരവധി പ്രശ്നങ്ങളിലൂടെയാണ് നാം ഓരോരുത്തരും കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വവും ധ്രുതഗതിയിൽ ലോകത്തുണ്ടാകുന്ന മാറ്റങ്ങളുമെല്ലാം ജനങ്ങളെ എത്രമാത്രം ബുദ്ധിമുട്ടിലാക്കുന്നുണ്ടെ ന്ന് നമുക്കറിയാം. ഒരുപാട് ചോദ്യങ്ങൾ ഇക്കാലത്ത് മനുഷ്യരെ അലട്ടുന്നുണ്ട്. ജോലി ന ഷ്ടമാകുമോ? വീട്ടുവാടക ഇനിയങ്ങോട്ട് താങ്ങാനാകുമോ? കുടുംബത്തെ നാട്ടിലേയ്ക്ക് അയയ്ക്കണമോ? കുട്ടികളുടെ ഭാവി എന്താകും? അവരുടെ വിദ്യാഭ്യാസ ജീവിതം എന്താകും? ക്രിസ്തീയ സഭ മൊത്തത്തിൽ ഒരു പ്രതിസന്ധി ഘട്ടത്തിലായിരിക്കുന്ന സാഹചര്യത്തിൽ മക്കൾ ദൈവവിശ്വാസത്തിലും സഭാ നിയമങ്ങളിലും ഉറച്ചു ന ിൽക്കുമോ?' എന്ന് തുടങ്ങിയ നിരവധി ചോദ്യങ്ങൾ പലരെയും ആശങ്കപ്പെടുത്തുന്നുണ്ട്.

ആത്മവിശ്വാസത്തോടെ ദൈവത്തിൽ വിശ്വാസമർപ്പിച്ച് ജീവിക്കുക ബുദ്ധിമുട്ടാണെന്നാണ്, മഹാമാരിയുടെ ഈ പ്രതിസന്ധി കാലഘട്ടത്തിൽ പലരും കരുതുന്നത്. എന്നാൽ നമ്മൾ സ്വയം ചോദിക്കുക. 'വഴിയും സത്യവും ജീവനും ഞാനാകുന്നു' (യോഹന്നാൻ 14:6) എന്നു ഉറപ്പു നൽകുന്ന ക്രിസ്തുവിനു പകരമായി മറ്റെന്തു മാർഗ്ഗമാണ് നമുക്കുള്ളത്.?

ഈ പശ്ചാത്തലത്തിൽ ഫ്രാൻസിസ് മാർപാപ്പ തന്റെ ചാക്രികലേഖനത്തിന്റെ തലക്കെട്ടിൽ പറയുന്നതുപോലെ, ഒരു 'പിതൃഹൃദയത്തോടെ' നിങ്ങളോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## ജോസഫ്, സഭയുടെ സംരക്ഷകനും രക്ഷാധികാരിയും

3. 150 വർഷങ്ങൾക്ക് മുമ്പ് 9-ാം പിയൂസ് മാർപാപ്പ വിശുദ്ധ യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചു. സഭ, ഉള്ളിൽ നിന്നും, പുറത്തു നിന്നും ഒട്ടേറെ വിമർശനങ്ങൾ നേരിട്ട ഒരു പ്രതിസന്ധിഘട്ടത്തിന്റെ മദ്ധ്യത്തിലാണ് ഈ പ്രഖ്യാപനം നടന്നത്. ഫ്രഞ്ച് വിപ്ലവത്തിനു ശേഷമുണ്ടായ പ്രബുദ്ധ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ സഭയുടെ ഭൗതിക ശക്തി പുറത്തു നിന്ന് ശക്തമായി വിമർശിക്കപ്പെടുകയും അത് തകർക്കപ്പെടേണ്ടതാണെന്ന് പലരും വിശ്വസിക്കുകയും ചെയ്യുന്ന കാലമായിരുന്നു അത്. സഭയ്ക്കുള്ളിലും അത് പ്രതിസന്ധി കാലഘട്ടമായിരുന്നു. നഷ്ടപ്പെട്ട പ്രതാപം തിരിച്ചു പിടിക്കാനുള്ള സഭയുടെ ശ്രമം ഒരു വശത്തും വിശ്വാസത്തെ അനുരഞ്ജിപ്പിച്ചുകൊണ്ട് പുറംലോകവുമായി സജീവ ഇടപെടലുകൾ നടത്താനുള്ള ശ്രമങ്ങൾ മറുവശത്തും വേണ്ടിവന്ന ഒരു പ്രതിസന്ധി കാലഘട്ടം.

അക്കാലത്ത് മാർപാപ്പയുടെ അധീനതയിലുള്ള പ്രവിശ്യകളുടെ (papal states) പതനത്തോടെ സഭയുടെ ആത്മീയമായ പ്രസക്തി കൂടുതൽ പ്രകടമായി. ഇതോടെ സഭ തന്റെ നഷ്ടപ്പെട്ട പ്രാധാന്യവും പാരമ്പര്യവും തിരിച്ചു പിടിക്കാനും നവീകരിക്കാനുമുള്ള തീവ്രശ്രമങ്ങളും തുടങ്ങി. എന്നിരുന്നാലും ആധുനിക തത്ത്വചിന്തയും കത്തോലിക്കാ വിശ്വാസരീതികളും തമ്മിലുള്ള തർക്കങ്ങൾ അന്നും ഇന്നും തുടരുന്നു. വിശ്വാസത്തിന് ഉലച്ചിൽ നേരിടുന്ന ഈ കാലത്തിൽ വിശ്വാസത്തിൽ നിന്ന് അകന്ന് പോകാൻ സാധ്യതയേറെയുള്ള വിഷമഘട്ടത്തിലൂടെയാണ് പലരും കടന്നു പോകുന്നത്. കൊടുങ്കാറ്റിനെ തക്കസമയത്ത് ശമിപ്പിക്കാൻ കഴിവുള്ള യേശു, ജീവിതമാകുന്ന നൗകയിൽ സന്നിഹിതനാണോ എന്നുപോലും പലരും സംശയിക്കുന്ന സമയമാണിത്. എന്നാൽ യേശുക്രിസ്തു നമ്മോടൊപ്പം തന്നെയുണ്ട്. നിങ്ങളോടും എന്നോടും അവനു പറയാനുള്ളതും തന്റെ ശിഷ്യന്മാരോട് പറഞ്ഞ അതേ വചനങ്ങൾ തന്നെയാണ്. നിങ്ങൾ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക് വിശ്വാസമില്ലേ?.' (മർക്കോസ് 4:40)

4. വിശുദ്ധ യൗസേപ്പിതാവ് ഗർഭവതിയായ തന്റെ നവവധു മറിയത്തെക്കുറിച്ച് അപകീർത്തിപരമായ വാർത്തകൾ കേൾക്കുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. ഈ പ്രതിസന്ധിഘട്ടത്തിൽ യൗസേപ്പിതാവിന് മറിയത്തിന്റെ വിശുദ്ധിയിലുള്ള തന്റെ ആത്മവിശ്വാസം വീണ്ടെടുക്കേണ്ടതുണ്ടായിരുന്നു. തന്റെ ദൈവവിശ്വാസത്തിൽ ആശ്രയിച്ചുകൊണ്ടും, ഗബ്രിയേൽ മാലാഖയിലൂടെ നൽകപ്പെട്ട ദൈവിക വാഗ്ദാനത്തിൽ വിശ്വാസമർപ്പിച്ചു കൊണ്ടുമാണ് യൗസേപ്പിതാവ് അത് നേടിയെടുത്തത്. ഇത്തരം അപകീർത്തികരമായ വാർത്തകളെ നേരിടേണ്ട സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകാറുണ്ട്. അപ്പോഴൊക്കെ എങ്ങനെ ഈ സാഹചര്യത്തെ നേരിടണമെന്നറിയാതെ നാം ആശങ്കപ്പെടാറുമുണ്ട്. സഭയുടെ തന്നെ അംഗങ്ങളെക്കുറിച്ച്, ചിലപ്പോഴൊക്കെ സഭയിലെ പ്രമുഖരെക്കുറിച്ചു പോലും അപകീർത്തികരമായ വാർത്തകൾ പുറത്തു വരുമ്പോൾ നമ്മുടെ വിശ്വാസത്തിനും ആഘാതമേൽക്കാറുണ്ട്. തീർച്ചയായും ലോകമെമ്പാടുമുള്ള വിശ്വാസികൾ ഇത്തരം വിശ്വാസ സംഘർഷങ്ങൾ നേരിടുന്നുണ്ട്. ക്രിസ്തീയ സഭ വീണ്ടും ബുദ്ധിമുട്ടേറിയ ഒരു കാലഘട്ടത്തിൽ കൂടിയാണ് കടന്നു പോകുന്നത് എന്നു തോന്നുന്നു. എന്നാൽ യൗസേപ്പിതാവിനെപ്പോലെ ദൈവവചനത്തിലും രക്ഷയുടെ വാഗ്ദാനത്തിലും നമുക്ക് ഉറച്ചു വിശ്വസിക്കാം. 'നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല' (മത്തായി 16:18).

5. പൂജരാജാക്കന്മാരുടെ വരവിനു ശേഷം, തിരുക്കുടുംബത്തിന്റെ സംരക്ഷണയിൽ യൗസേപ്പിതാവ് വഹിച്ച പങ്കിനെ നമുക്കിവിടെ അനുസ്മരിക്കാം. ഹെറോദേസ് രാജാവിൽ നിന്നും ഉണ്ണിയേശുവിനെ രക്ഷിക്കാനായി ഈജിപ്തിലേക്ക് പാലായനം ചെയ്യാൻ തിരുക്കുടുംബം നിർബന്ധിതരായി. ഹെറോദേസിന്റെ മരണത്തിനു ശേഷം മാത്രമേ ഒരു തിരിച്ചു വരവ് തിരുക്കുടുംബത്തിന് സാധ്യമാകുമായിരുന്നുള്ളൂ. യേശുവിന്റെ ജീവിതം, ഇസ്രായേൽ ജനതയുടെ യാത്രയുടെ ഒരു പ്രതിഛായയായി മാറുന്നതായി നമുക്കിവിടെ കാണാൻ കഴിയും. ഈജിപ്തിലേക്കുള്ള ഇസ്രായേൽ ജനതയുടെ പാലായനവും അടിമത്തവും പിന്നീട് വാഗ്ദത്ത ഭൂമിയിലേക്കുള്ള തിരിച്ചു വരവുമെല്ലാം യേശുവിന്റെ ജീവിതത്തോട് ഏറെ സമാനതയുള്ളതാണ്. തിരുക്കുടുംബത്തിന്റെ ഈജിപ്തിലേക്കുള്ള പാലായനവും തിരിച്ചു വരവുമെല്ലാം ക്രിസ്തീയ സഭയുടെ പ്രവാസയാത്രയെക്കുറിച്ച് ഒരു സൂചന നൽകുന്നുണ്ട്. ദൈവവുമായുള്ള ബന്ധം ശക്തമാക്കാനുള്ള ക്രിസ്തീയ സഭയുടെ പ്രയാണവും പിന്നീട് വാഗ്ദത്ത പറുദീസയിലേക്കുള്ള സഭയുടെ മടക്കവും ഇതു സംബന്ധിച്ച സൂചന നൽകുന്നു. തിരുക്കുടുംബത്തിന്റെ വഴികാട്ടിയായി നടന്ന യൗസേപ്പിതാവു തന്നെയാണ് ക്രിസ്തീയ സഭയാകുന്ന കുടുംബത്തിന്റെയും വഴികാട്ടിയും സംരക്ഷകനും. നസ്രത്തിൽ അന്നു മറിയത്തിന്റെയും ഉണ്ണിയേശുവിന്റെയും സംരക്ഷകനായി വർത്തിച്ചതുപോലെ യൗസേപ്പിതാവ് സാർവ്വത്രിക

സഭയുടെയും പ്രാദേശിക സഭകളുടെയും സംരക്ഷകനും വഴികാട്ടിയുമാണ്.

## ദൈവഹിതത്തിന്റെ എളിയ അനുവർത്തകൻ

6. ബാലനായ യേശുവും യൗസേപ്പിതാവും കൂടിയുള്ള മനോഹരമായ ഒരു ചിത്രം അബുദാബിയിൽ കത്തീഡ്രലിലുണ്ട്. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ആ ചിത്രം കാണുമ്പോൾ ഒറ്റ നോട്ടത്തിൽ നമുക്ക് തോന്നും യൗസേപ്പിതാവാണ് ബാലനായ യേശുവിനെ നയിക്കുന്നതെന്ന്. എന്നാൽ കൂടുതൽ സൂക്ഷ്മമായി നോക്കുമ്പോൾ നമുക്ക് മനസ്സിലാകും ബാലനായ യേശുവാണ് യൗസേപ്പിതാവിനെ മൃദുവായി കൈ പിടിച്ചു നടത്തുന്നതെന്ന്. വളരെ പ്രധാനപ്പെട്ട ഒരു ഉൾക്കാഴ്ച ഈ ചിത്രം നമുക്ക് നൽകുന്നുണ്ട്. തിരുക്കുടുംബത്തെക്കുറിച്ച് മാത്രമല്ല മറിച്ച്, നമ്മുടെ ഓരോ കുടുംബങ്ങളെയും, കൂട്ടായ്മകളെയും ക്രിസ്തീയ സഭയെയും കുറിച്ചുള്ള ഒരു ഉൾക്കാഴ്ച ഈ ചിത്രത്തിലുണ്ട്. യേശുവിന്റെ മാതാപിതാക്കളായ മറിയവും യൗസേപ്പിതാവും തന്റെ പുത്രന്റെ സംരക്ഷകരും വഴികാട്ടികളുമായിരുന്നെങ്കിലും, യഥാർത്ഥത്തിൽ പുത്രനായ യേശുവായിരുന്നു യൗസേപ്പിതാവിനും മറിയത്തിനും വഴികാട്ടിയായിരുന്നത്. യേശുവിനെ മനസ്സിലാക്കുവാൻ പലപ്പോഴും യൗസേപ്പിതാവും മറിയവും ബുദ്ധിമുട്ടുന്നതായും നാം സുവിശേഷത്തിൽ കാണുന്നുണ്ട്. അസാധാരണമയി പെരുമാറുന്ന മകനെ സാധാരണ പെരുമാറ്റരീതിലേക്ക് തിരിച്ചു കൊണ്ടുവരാനായിപ്പോലും മാതാപിതാക്കൾ ശ്രമിച്ചിരുന്നതായി കാണുന്നുണ്ട്. മിശിഹാമാർഗ്ഗത്തി (Messianic way)ലുള്ള ഈശോയുടെ യാത്രയെക്കുറിച്ച് കുടുംബാംഗങ്ങൾ ആശങ്കപ്പെട്ടിരിക്കുന്നതിനെക്കുറിച്ച് ഒന്നു ചിന്തിച്ചു നോക്കൂ. ഇതും നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. 'അവന്റെ സ്വന്തക്കാർ ഇതു കേട്ട് അവനെ പിടിച്ചു കൊണ്ടു പോകാൻ പുറപ്പെട്ടു. കാരണം അവന് സ്വബോധം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് അവർ കേട്ടിരുന്നു.' (മർക്കോസ് 3:21) ഇക്കാലത്ത് യൗസേപ്പിതാവ് ജീവിച്ചിരുന്നിരുന്നില്ല. എന്നിരുന്നാലും, യേശു ഇക്കാലത്ത് പിൻതുടർന്നിരുന്നത് ഒരു സാധാരണ കുടുംബചട്ടം ആയിരുന്നില്ല മറിച്ച് കുടുംബാംഗങ്ങളുമായുള്ള ബന്ധം അപകടപ്പെടുത്തിക്കൊണ്ടുള്ള ഒരു ദൈവിക ചട്ടമായിരുന്നുവെന്നും സുവിശേഷം വ്യക്തമാക്കുന്നുണ്ട്. യേശു ഇങ്ങനെ പറയുന്നുമുണ്ട്. 'ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും.' (മർക്കോസ് 3:35)

7. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും ചിലപ്പോൾ ചില സംഘട്ടനങ്ങൾ ഉണ്ടാകുന്നത് സുദൃഢമായ ആത്മീയ ബന്ധങ്ങളെക്കാൾ, കേവലം മാനുഷികവും താൽക്കാലികവുമായ രക്തബന്ധങ്ങൾക്ക് മാത്രം നാം പ്രാധാന്യം കൽപ്പിക്കുന്നതു മൂലമാണോ, എന്ന് ചിലപ്പോഴൊക്കെ ഞാൻ ആശങ്കപ്പെടാറുണ്ട്. കുടുംബമഹിമ, സമുദായസ്നേഹം, വംശപാരമ്പര്യം തുടങ്ങിയവയ്ക്കാണ്, ദൈവഹിതത്തിൽ വേരൂന്നിയുള്ള പക്വതയേറിയ ബന്ധങ്ങളേക്കാൾ

പലരും പ്രാധാന്യം കൊടുക്കുന്നത്. കുടുംബവും സാമൂഹിക ആചാരങ്ങളുമെല്ലാം പ്രധാന പ്പെട്ടതു തന്നെയാണ്. എന്നാൽ അതിനൊക്കെ ഒരു പരിധിയുണ്ട്. അബുദാബി കത്തീഡ്രലിലെ ചിത്രത്തിന്റെ കാര്യത്തിലേക്ക് നാം തിരിച്ചു വരികയാണെങ്കിൽ, യൗസേപ്പിതാവാണ് യേശ ുവിനെ കൈപിടിച്ച് നടത്തുന്നതെന്നാണ് നാം സാധാരണ പ്രതീക്ഷിക്കുന്നത്. എന്നാൽ ന ാം അടങ്ങുന്ന സാർവ്വത്രികസഭയോ, പ്രാദേശികസഭയോ, കുടുംബമോ, സമൂഹമോ ഒന്നും യേശുവിനെ കൈപിടിച്ചു നടത്തുന്നില്ല. സത്യം മറിച്ചാണ്. യേശുവാണ് കൈപിടിച്ച് ന മ്മെ നയിക്കുന്നത്. ചിലപ്പോഴൊക്കെ യേശു സാധാരണക്കാരായ മനുഷ്യരിലൂടെയും ന ിഷ്കളങ്കരായ കുഞ്ഞുങ്ങളിലൂടെയും നമ്മോട് സംസാരിക്കാറുണ്ട്. അതുകൊണ്ടുതന്നെ, മുതിർന്നവർക്കും അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്കും മാത്രമല്ല, സധാരണക്കാർ, മിതഭാഷികൾ, കുഞ്ഞുങ്ങൾ, യുവജനങ്ങൾ, എന്നിവർക്കും നാം ചെവികൊടുക്കേണ്ടതുണ്ട ്. ഇത്തരക്കാരിലൂടെ യേശു പലപ്പോഴും നമ്മോടും സംസാരിക്കാറുമുണ്ട്. വിശുദ്ധ ബന ഡിക്ട് അനുയായികൾക്കായി രൂപീകരിച്ച നിയമാവലിയിൽ യേശു പ്രായക്കുറവു ള്ളവർക്ക് മുമ്പിൽ തന്റെ മനസ്സു പലപ്പോഴും തുറക്കാറുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്.

**ജോസഫ്, വിശ്വസ്ത ബന്ധങ്ങൾക്ക് മാതൃക**

8. ഒറ്റയ്ക്കുജീവിതം നയിക്കുന്ന ആളുകൾ ഗൾഫ് മേഖലകളിൽ സർവ്വസാധാരണമാണ്. വിവാഹം കഴിക്കാത്തവർ, സാമ്പത്തിക പ്രശ്നങ്ങളാൽ തങ്ങളുടെ പങ്കാളിയെയും കുട്ടികളെയും നാട്ടിൽ നിർത്തി ഇവിടെ ഒറ്റയ്ക്കു കഴിയുന്നവർ, എന്നിവർ ഇതിൽ ഉൾപ്പെടുന്നു. ജോലിയുടെ സംഘർഷവും ഏകാന്തതയും ഇത്തരക്കാരെ ഒട്ടേറെ തളർത്തുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ചില താല്ക്കാലിക ബന്ധങ്ങളിലേക്ക് പേ ാകാനും മറ്റു ചില ആസക്തികളിലേക്ക് വഴുതി വീഴുവാനുള്ള പ്രലോഭനങ്ങൾ ഉണ്ട ാകാറുണ്ട്. യൗസേപ്പിതാവിന് തന്റെ ഭാര്യ മറിയത്തിൽ നിന്ന് വിവാഹ മോചനം നേടു വാൻ വളരെ എളുപ്പമായ കാരണം ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹം ദൈവത്തിന്റെ സന്ദേശം ചെവിക്കൊള്ളുകയും തന്റെ ഭാര്യയോട് വിശ്വസ്തനായിരിക്കുകയും ചെയ്തു. യൗസേപ്പിതാവിന്റെ ജീവിതത്തിൽ ഭാര്യയോടുള്ള 'യഥാർത്ഥ സ്നേഹം' ശാരീരിക ബ ന്ധത്തിലോ, അവരവരുടെ ആഗ്രഹപൂർത്തീകരണത്തിലോ അടിസ്ഥാനപ്പെട്ടുകൊണ്ട ുള്ളതായിരുന്നില്ല. മറിച്ച് 'സ്നേഹം സകലതും സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും പ്രത്യാശിക്കുന്നു, സകലത്തേയും അതിജീവിക്കുന്നു' (1 കോറിന്തോസ് 13:7) എന്നതിൽ ഊന്നിയുള്ളതായിരുന്നു. യൗസേപ്പിതാവിന് മറിയത്തോടുള്ള ബന്ധത്തിൽ, ഒരു ക്രിസ്തീയ കുടുംബത്തിലെ ആരോഗ്യ പരിപുഷ്ടിയുള്ള ബന്ധത്തിലുണ്ടായിരിക്കേണ്ട എല്ലാ ഘടകങ്ങളും നമുക്ക് കാണാനാവും. വ്യക്തിപരമായ അന്തസ് നൽകുന്ന പ രസ്പര ബഹുമാനം, പങ്കാളിക്കു വേണ്ടിയുള്ള ത്യാഗം, പരസ്പര വിശുദ്ധി, പിന്നെ

ദൈവത്തിലുള്ള വിശ്വസ്തത എന്നിവയാണ് ഈ ഘടകങ്ങൾ. യൗസേപ്പിതാവും മറിയവും തമ്മിലുള്ള ഭാര്യഭർതൃബന്ധത്തിൽ യേശു പൂർണ്ണമായും സന്നിഹിതനായിരുന്നു.

## ജോസഫ് തിരുക്കുടുംബത്തിന്റെ നാഥൻ

9. യൗസേപ്പിതാവ് ഒരു വിശ്വസ്തനായ ഭർത്താവ് മാത്രമല്ല, അർപ്പണബോധമുള്ള ഒരു പിതാവു കൂടിയായിരുന്നു. കുടുംബത്തിന്റെ ആത്മീയവും ഭൗതികവുമായ എല്ലാ ആവശ്യങ്ങളെക്കുറിച്ചും അദ്ദേഹം കരുതലുള്ളവനായിരുന്നു. കുടുംബനാഥനെന്ന നിലയ്ക്ക് കുടുംബത്തിന്റെ ആത്മീയ ജീവിതത്തിൽ അദ്ദേഹം സജീവ പങ്കാളിയായിരുന്നു. മോശയുടെ നിയമത്തിൽ പറയുന്നപ്രകാരമുള്ള ബലികളും കാഴ്ചകളും സമർപ്പിക്കുന്നതിനായി യേശുവിനെ യൗസേപ്പിതാവ് മറിയത്തോടൊപ്പം ദേവാലയത്തിൽ കൊണ്ടു വന്നു. കൂടാതെ വർഷംതോറും പെസഹാ തിരുനാൾ ആഘോഷിക്കുവാനായി ജറുസലേമിലേക്ക് യൗസേപ്പിതാവ് മറിയത്തോടും യേശുവിനോടുമൊപ്പം ദീർഘയാത്ര നടത്തിയിരുന്നതായി ലൂക്കായുടെ സുവിശേഷത്തിൽ പറയുന്നു.'യേശുവിന്റെ മാതാപിതാക്കൾ ആണ്ടുതോറും പെസഹാതിരുനാളിന് ജറുസലേമിൽ പോയിരുന്നു.' (ലൂക്കാ 2:41). ജീവിതപ്രശ്നങ്ങൾക്കിടയിൽപ്പെട്ട് തങ്ങളുടെ മക്കളെ വിശ്വാസത്തിന്റെ വഴിയിൽ നയിക്കുന്നതിൽ കഷ്ടപ്പെടുന്ന മാതാപിതാക്കന്മാർ യൗസേപ്പിതാവിനെ ഉത്തമ മാതൃകയായി കണക്കാക്കേണ്ടതാണ്. യാത്രാബുദ്ധിമുട്ടുകൾ, സമയക്കുറവ്, മറ്റ് ദൈനംദിന ജോലികൾ, വിദ്യാഭ്യാസപരവും ജോലിസംബന്ധവുമായ ലക്ഷ്യങ്ങൾ എന്നിവ ഉണ്ടാക്കുന്ന തടസ്സങ്ങൾ കൊണ്ട് മക്കളുടെ ആത്മീയ വളർച്ചയിൽ വേണ്ടത്ര ശ്രദ്ധ കൊടുക്കാതിരിക്കാൻ മാതാപിതാക്കൾ പ്രലോഭിതരാകാറുണ്ട്. ഇവിടെയാണ് വിശുദ്ധ യൗസേപ്പിതാവിനെ നാം പ്രത്യേകിച്ച് പിതാക്കന്മാർ ഉദാഹരണമാക്കേണ്ടത്. മിക്കവാറും നമ്മുടെ കുടുംബങ്ങളിൽ മക്കളെ ദൈവവിശ്വാസത്തിൽ വളർത്തുവാനുള്ള ഉത്തരവാദിത്വം അമ്മമാരുടെ ജോലിയായിട്ടാണ് കരുതപ്പെടുന്നത്. എന്നാൽ മാമ്മോദീസ ആഘോഷവേളയിൽ പറയുന്ന പ്രകാരം, മക്കളുടെ ആത്മീയ വളർച്ചയിൽ പിതാവിനും മാതാവിനും ഒരേപോലെ ഉത്തരവാദിത്വമുണ്ട്. വിശ്വാസത്തിന്റെ വഴിയിൽ മക്കളെ നയിക്കുന്നതിനുള്ള ആദ്യഗുരുക്കന്മാർ മാതാവും പിതാവുമാണെന്ന് എഴുപതാം മാമ്മോദീസാ നിയമം? അനുശാസിക്കുന്നു. മക്കളുടെയും, കുടുംബത്തിന്റെ മൊത്തത്തിലുമുള്ള ആത്മീയ വളർച്ചയിൽ കുടുംബ നാഥന്മാർക്കുള്ള സ്വാധീനം എത്ര വലുതാണെന്ന് തിരുക്കുടുംബത്തിൽ യൗസേപ്പിതാവ് വഹിക്കുന്ന പങ്കിൽ നിന്നും നമുക്ക് കാണുവാൻ സാധിക്കുന്നു.

10. തിരുക്കുടുംബത്തിന്റെ ദൈനംദിന ജീവിതത്തെക്കുറിച്ചും കുടുംബാംഗങ്ങൾ തമ്മിലുള്ള

ബന്ധത്തിന്റെ ആഴത്തെക്കുറിച്ചുമൊന്നും വിശദമായ വിവരങ്ങൾ നാം ബൈബിളിൽ കാണുന്നില്ല. എന്നിരുന്നാലും, പ്രായപൂർത്തിയായ യേശുവിന്റെ പെരുമാറ്റത്തിൽ നിന്നും നമുക്ക് ഈ കാര്യത്തെക്കുറിച്ച് ചില അനുമാനങ്ങളിലെത്താനാവും. തീർച്ചയായും തന്റെ ദൈവത്വം മാത്രമായിരുന്നില്ല, യേശുവിനെ തന്റെ പ്രവർത്തനങ്ങളിലേക്കെല്ലാം ന യിച്ചത്, മറിച്ച് തന്റെ കുടുംബത്തിൽ നിന്നും മാതാപിതാക്കളിൽ നിന്നും ലഭിച്ച മാനുഷ ികമായ ശിക്ഷണത്തിന്റെ കൂടി ഫലമായിരുന്നു അത്. 12-ാം വയസ്സിൽ ജറുസലേമിൽ നിന്നും തിരിച്ചെത്തിയ ശേഷമുള്ള യേശുവിന്റെ ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വിശുദ്ധ ലൂക്കാ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. 'പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസറത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. 'യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മന ുഷ്യരുടെയും പ്രീതിയിൽ വളർന്നു വന്നു.' (ലൂക്കാ 2:51-52) തിരുക്കുടുംബത്തിൽ നിന്ന് ലഭിച്ച മനുഷ്യത്വപരമായ ഈ ശിക്ഷണമായിരുന്നു, കുട്ടികൾ, രോഗികൾ, ഒറ്റപ്പെട്ടവർ തുടങ്ങിയവരോടുള്ള യേശുവിന്റെ പ്രത്യേക സ്നേഹത്തിന് കാരണമായത്. മാതാപ ിതാക്കളായ ജോസഫും മറിയവും അവരുടെ ചുറ്റുപാടുകളിലുള്ളവരോട് ആർദ്ര ഹൃദയത്തോടെ പെരുമാറുന്നത് തീർച്ചയായും കണ്ടുകൊണ്ടായിക്കാം ബാലനായ യേശു വളർന്നത്. തന്റെ അനുയായികളായിരുന്ന ഓരോ സ്ത്രീ പുരുഷന്മാരോടും യേശു കാണിച്ച ആർദ്രതയും, സ്നിഗ്ധതയും സ്വർഗ്ഗീയമായി കിട്ടിയ ദാനം മാത്രമായിരുന്നില്ല മറിച്ച്, ഭൂമി യിൽ തന്റെ കുടുംബത്തിൽ നിന്നും മാതാപിതാക്കളിൽ നിന്നും കിട്ടിയ നന്മയുടെ ഫലവും കൂടിയായിരുന്നു.

11. നമ്മൾ സ്വപ്നം കാണുന്നതുപോലെ മാതൃകാപരമായ കുടുംബജീവിതം നയിക്കാൻ പ്ര ത്യേക സാഹചര്യങ്ങൾ മൂലം പല കുടുംബങ്ങൾക്കും കഴിയാറില്ല. ജോലിഭാരം മൂലം കുടുംബാംഗങ്ങൾ തമ്മിലുള്ള മാനുഷിക ബന്ധങ്ങൾ അവഗണിക്കപ്പെട്ടു പോകുന്ന സാഹചര്യങ്ങളും മിക്ക കുടുംബങ്ങളിലുമുണ്ട്. കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒത്തുചേരുന്ന സാഹചര്യങ്ങൾ വിരളമായതിനാൽ, കുടുംബ ജീവിതത്തിന്റെ യഥാർത്ഥ സന്തോഷം അനുഭവിക്കാൻ കഴിയാതെ പോകുന്ന കുടുംബങ്ങളുമുണ്ട്. സാമ്പത്തിക ഞെരുക്കങ്ങളാണ് പല കുടുംബങ്ങളെയും ഇത്തരം അസ്വഭാവികതയിലേക്ക് ന യിക്കുന്നത്. എന്നാൽ പരസ്പര സ്നേഹവും, ഊഷ്മളതയും, പരസ്പര ബഹുമാന വും നിറഞ്ഞ ഒരു കുടുംബാന്തരീക്ഷം കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും വ്യക്തിത്വ വികസനത്തിനും അത്യാവശ്യമാണ്. ഒരു മരപ്പണിക്കാരന്റെ ലളിതമായ ജോലിയാണ് വിശുദ്ധ യൗസേപ്പിതാവ് ചെയ്തിരുന്നതെങ്കിലും തിരുക്കുടുംബത്തിന്റെ കുടുംബ ാന്തരീക്ഷം സ്നേഹം നിറഞ്ഞതായിരുന്നു. സാമ്പത്തികമായും തൊഴിൽപരമായും

ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുകയും മക്കൾക്ക് നല്ല വിദ്യാഭ്യാസവും അവസരങ്ങളും നൽകാനാവുകയും ചെയ്തിട്ടും സ്നേഹാന്തരീക്ഷമുള്ള ഒരു കുടുംബം കെട്ടിപ്പടുക്കാൻ സാധിക്കാതെ പോകുന്ന കുടുംബങ്ങളുണ്ട്. ഈ പശ്ചാത്തലത്തിൽ നിങ്ങൾ ഓരോരുത്തരും സ്വയം ചോദിക്കുക, സാമ്പത്തിക ഭദ്രത മാത്രമാണോ കുടുംബത്തിന്റെ ശോഭനമായ ഭാവിക്ക് ഏറ്റവും ആവശ്യമായത്? കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനും ആവശ്യമായ സ്നേഹവും മൂല്യങ്ങളും പകർന്നു നൽകാൻ എനിക്കു കഴിയുന്നുണ്ടോ?

**ഞെരുക്കങ്ങളും ലളിത ജീവിത ശൈലിയും സ്വീകരിക്കുക**

12. ബത്‌ലഹേമിലെ യേശുവിന്റെ ജനനത്തെക്കുറിച്ച് ലൂക്കായുടെ സുവിശേഷത്തിൽ പറയുന്ന ഭാഗങ്ങൾ നമുക്കെല്ലാം അറിവുള്ളതാണ്. കുട്ടിക്കാലത്തെ ക്രിസ്തുമസ് ആഘോഷങ്ങളുടെ നല്ല ഓർമ്മകളുമായി ബന്ധപ്പെട്ടതാണ് പലർക്കും യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിവുകൾ. എന്നാൽ ബത്‌ലഹേമിലെ ആദ്യ ക്രിസ്തുമസുമായി ബന്ധപ്പെട്ട കഷ്ടത നിറഞ്ഞ സാഹചര്യങ്ങൾ നമ്മൾ മറന്നുകൂടാ. ലൂക്കായുടെ സുവിശേഷത്തിൽ ഇങ്ങനെ പറയുന്നു 'അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല.' (ലൂക്കാ 2:7) 'സ്ഥലമില്ലായ്മ' ലോകത്തെമ്പാടും നിരവധി പേർ അനുഭവിക്കുന്ന ഒരു പ്രതിസന്ധിയാണ്. അഭയാർത്ഥി ക്യാമ്പുകളിൽ നിന്നും വരുന്ന വാർത്തകളിൽ നിന്ന് നമുക്ക് മനസ്സിലാകും യേശുവിന്റെ ജനന സമയത്ത് തിരുക്കുടുംബം എത്ര കഷ്ടത അനുഭവിക്കേണ്ടി വന്നു എന്ന്. ദാരിദ്ര്യത്തിന്റെയും സ്ഥലദൗർലഭ്യതയുടെയും മധ്യത്തിലേയ്ക്കാണ് രാജാക്കന്മാരുടെ രാജാവായ യേശു പിറന്നു വീണത്. തങ്ങളുടെ പുത്രന്റെ ജനനത്തിനുള്ള ചരിത്ര പ്രാധാന്യത്തെക്കുറിച്ച് ജോസഫിനും മറിയത്തിനും അക്കാലത്ത് തീർച്ചയായും അറിവുണ്ടായിരുന്നില്ല. കഷ്ടത നിറഞ്ഞതും ആപത്ക്കരവുമായ നിരവധി പ്രശ്നങ്ങളുമായി മല്ലിടുകയായിരുന്നു അവർ അപ്പോൾ. നമ്മുടെ ജീവിത്തിലും നാം ഇക്കാര്യം മറക്കരുത്.

മഹത്തായ കാര്യങ്ങൾ എല്ലാം സംഭവിക്കുന്നത് ശക്തന്മാരുടെ കൊട്ടാരങ്ങളിലോ ധനികരുടെ സുഖ സൗകര്യങ്ങളുടെ മദ്ധ്യേയോ മാത്രമല്ല. മറിച്ച് കഠിനപരീക്ഷണങ്ങളുടെ മദ്ധ്യേ സമാധാനത്തോടു കൂടെ നിലനിന്നുകൊണ്ടും ആവശ്യമായവ ചെയ്തുകൊണ്ടും മുന്നോട്ട് ഓരോ സാഹചര്യത്തിലും ആവശ്യമായതു ചെയ്തുകൊണ്ട് ജീവിതം തള്ളി നീക്കുന്ന സാധാരണക്കാരന്റെ ലാളിത്യത്തിലും മഹത്തായ കാര്യങ്ങൾ സംഭവിക്കാവുന്നതാണ്. തികച്ചും സാധാരണമായ യേശുവിന്റെ ജനനത്തിന്റെ മഹത്വം എത്രയോ വർഷങ്ങൾക്കു ശേഷമാണ് ജനങ്ങൾ മനസ്സിലാക്കിയതും വിലമതിച്ചു തുടങ്ങിയതും.  ലാളിത്യവും പരീക്ഷണങ്ങളും നിറഞ്ഞ ജീവിതത്തിലും

മഹത്തായ കാര്യങ്ങൾ സംഭവിക്കാമെന്ന് ഇതിൽ നിന്നു നാം പഠിക്കുന്നു. നമ്മുടെ സ്വന്തം ജീവിതങ്ങളിലും ഇത്തരം സാഹചര്യങ്ങൾ തീർച്ചയായും കണ്ടെത്തുവാൻ നമുക്ക് സാധിക്കും.

## നിശ്ശബ്ദതയും പ്രാർത്ഥനാനിർഭരതയും നിറഞ്ഞ ജീവിതം

13. ഈശോയുടെ വളർത്തുപിതാവായ യൗസേപ്പ് മൗനിയായ മഹത് വിശുദ്ധനാണ്. യൗസേപ്പിതാവിന്റെ വാക്കുകളായി ഒന്നും തന്നെ നാം സുവിശേഷത്തിൽ വായിക്കുന്നില്ല. എന്നിരുന്നാലും തന്റെ പ്രവൃത്തികളിലൂടെ യൗസേപ്പിതാവ് നമ്മോട് സംസാരിക്കുന്നുണ്ട്. ദേവാലയങ്ങളും സഭയും പൊള്ളയായതും ഉപയോഗശൂന്യവുമായ വാക്കുകൾ ഉപയോഗിക്കുന്ന ഇടമാവരുതെന്ന് യൗസേപ്പിതാവ് നമ്മെ പഠിപ്പിക്കുന്നു. മറിച്ച് സഭ ഭക്തിനിർഭരമായ പ്രാർത്ഥനയുടെയും യഥാർത്ഥ സ്നേഹത്തിന്റെയും ഇടമാകണമെന്നും, ദൈവ സാന്നിധ്യത്തിനായി കാതോർക്കേണ്ട സ്ഥലമാകണമെന്നും യൗസേപ്പിതാവ് നമ്മെ പഠിപ്പിക്കുന്നു. യേശു ശിഷ്യന്മാരോട് ഇങ്ങനെ പറയുന്നു 'പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുത്. അതിഭാഷണം വഴി തങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത്. നിങ്ങൾ ചോദിക്കുന്നതിനുമുമ്പുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു.' (മത്തായി 6:7,8)

മിശിഹാ എന്ന നിലയിൽ തന്റെ ദൗത്യം ആരംഭിക്കുന്നതിനുമുമ്പ് വർഷങ്ങളോളം യൗസേപ്പിതാവിനോടൊത്തുള്ള ജീവിതത്തിനിടയിൽ യേശുവിക്കാര്യം യൗസേപ്പിതാവിൽ നിന്ന് തന്നെ പഠിച്ചതാണെന്നു ഞാൻ വിശ്വസിക്കുന്നതിൽ തെറ്റുണ്ടെന്ന് എനിക്ക് തോന്നുന്നില്ല ദൈവസ്വരം ശ്രവിക്കുന്നതിന്റെയും ദൈവത്തിന്റെ ആജ്ഞ അനുസരിച്ചു പ്രവൃത്തിക്കുന്നതിന്റേയും പ്രാധാന്യം എത്ര വലുതാണെന്ന് യൗസേപ്പിതാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിൽ വിവിധ വെല്ലുവിളികൾ നേരിടുമ്പോൾ നാം നീങ്ങേണ്ട ശരിയായ പാത വിവേകത്തോടെ തെരെഞ്ഞെടുക്കേണ്ടതിന് നിശബ്ദമായി ദൈവസ്വരം ശ്രവിക്കേണ്ടത് നമുക്ക് വളരെ അനിവാര്യമാണ്.

## പ്രവാസികളായ തൊഴിലാളികൾക്കു മാതൃക

14. പന്ത്രണ്ടാം പിയൂസ് മാർപാപ്പ വിശുദ്ധ യൗസേപ്പിതാവിനെ തൊഴിലാളികളുടെ പുണ്യവാളനായി പ്രഖ്യാപിച്ചു. ജോലിക്കായി ഗൾഫ് രാജ്യങ്ങളിൽ എത്തിയിട്ടുള്ള നിങ്ങൾ ഓരോരുത്തർക്കുംവേണ്ടി വിശുദ്ധ യൗസേപ്പിതാവ് സ്വർഗ്ഗത്തിൽ മധ്യസ്ഥ പ്രാർത്ഥന നടത്തുന്ന വിശുദ്ധനാണ്. നിങ്ങൾ ഓരോരുത്തരും നിങ്ങളുടെയും കുടുംബത്തിന്റെയും വരുമാന മാർഗ്ഗത്തിനായി ഇവിടെ വന്ന് ജോലി ചെയ്യുന്നവരാണ്. ഇതുതന്നെയല്ലേ തിരുക്കുടുംബത്തിനു വേണ്ടി യൗസേപ്പിതാവും ചെയ്തത്! യൗസേപ്പിതാവ് നേ

രിട്ടതു പോലുള്ള പ്രതിസന്ധി ഘട്ടങ്ങൾ നിങ്ങൾക്കും ഇവിടെയും അല്ലെങ്കിൽ ജന്മന ാട്ടിലോ പലപ്പോഴും നേരിടേണ്ടിയും വന്നിട്ടുണ്ടാവാം. പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട നാട്ടിലുള്ളവർക്ക് അപ്രതീക്ഷിത സഹായം എത്തിക്കേണ്ടി വന്നിട്ടുണ്ടാകാം. അപ്ര തീക്ഷിതമായ ഗർഭധാരണം മൂലം സംഭ്രമത്തിലായ സന്ദർഭങ്ങളുണ്ടായിട്ടുണ്ടാവാം. ഇത്തരം സാഹചര്യങ്ങളിലൊക്കെ വിശുദ്ധ യൗസേപ്പിതാവ് നല്ലൊരു വഴികാട്ടിയാണ്. അരക്ഷിതാവസ്ഥയിലാകുന്ന സാഹചര്യം യൗസേപ്പിതാവും അനുഭവിച്ചിട്ടുണ്ട്. തന്റെ കുടുംബത്തിന്റെ സംരക്ഷണത്തിനായി അദ്ദേഹത്തിന് ഈജിപ്തിലേക്ക് പ ാലായനം ചെയ്യേണ്ടിവന്നിട്ടുണ്ട്. യൗസേപ്പിതാവ് ഒരിക്കലും പരാതിപ്പെടുന്നതായി ന ാം കേട്ടിട്ടില്ല. ദൈവവിശ്വാസത്തിൽ ഉറച്ചു നിന്ന് ദൈവം തന്നെ വഴി നടത്തുമെന്ന് ഉറച്ച് വിശ്വസിച്ച് മുന്നോട്ടു നീങ്ങുന്ന യൗസേപ്പിതാവിനെയാണ് നാം കാണുന്നത്. യൗസേപ്പിതാവ് ദീർഘകാല പദ്ധതികൾ ഒന്നും ആസൂത്രണം ചെയ്തിരുന്നില്ല. എന്നാൽ അപ്പപ്പോൾ ദൈവഹിതം അന്വേഷിച്ച് അടുത്ത ഘട്ടത്തിലേക്ക് നീങ്ങുകയായിരുന്നു. നമ്മുടെ പലരുടെയും അവസ്ഥയും ഇതു തന്നെയല്ലേ?

**യൗസേപ്പിതാവിനെപ്പോലെ അപ്രതീക്ഷിത സാഹചര്യങ്ങളെ ഉൾക്കൊള്ളുവാൻ പഠിക്കുക**

15. വല്ലാത്ത അരക്ഷിതാവസ്ഥയുടെയും അപ്രതീക്ഷിത പ്രതിസന്ധികളുടെയും കാലഘട്ടത്തിലൂടെയാണ് നാമിപ്പോൾ കടന്നു പോകുന്നതെന്ന ഈ യാഥാർത്ഥ്യം മഹാമാരി കാലഘട്ടം നമ്മെ ശരിക്കും മനസ്സിലാക്കിത്തന്നു. ഭാവിയക്കുറിച്ച് ന ാം ആസൂത്രണം ചെയ്യുന്ന പദ്ധതികൾ എല്ലാം അനിശ്ചിതമാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ജീവിക്കാൻ നാം പഠിച്ചു. ഇവിടെയും നമുക്ക് യൗസേപ്പിതാവിനെ മാതൃകയാക്കാം. തന്റെ ജീവിതത്തെക്കുറിച്ചുള്ള പദ്ധതികൾ യൗസേപ്പിതാവിന് പ ലതവണ മാറ്റേണ്ടിവന്നിട്ടുണ്ട്. തന്റെ പ്രതിശ്രുതവധു ഗർഭവതിയായതറിഞ്ഞ് അമ്പരപ്പെട്ട നിമിഷമായിരുന്നു ഇതിന്റെ തുടക്കം. മാലാഖ തന്റെ സ്വപ്നത്തിൽ വന്ന് അറിയിച്ച സ്വർഗ്ഗീയ അരുളപ്പാടിലൂടെ കാര്യങ്ങൾ മനസ്സിലാക്കിയതോടെ യൗസേപ്പിതാവിന് ഈ സാഹചര്യങ്ങളിൽ ഉചിതമായി പ്രവർത്തിക്കാൻ കഴിഞ്ഞു.

ഇത്തരം അപ്രതിക്ഷിത സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകാറുണ്ട്. ഭാവിയെക്കുറിച്ച് ആസൂത്രണം ചെയ്തിരുന്ന പദ്ധതികളെല്ലാം തകിടം മറിയുന്ന ചില പ്രത്യേക സാഹചര്യങ്ങൾ, അത് ഒരു അപകടമാകാം, ഒരു രോഗമാകാം, ഒരു കു ടുംബാംഗത്തിന്റെ വിയോഗമാകാം അതുമല്ലെങ്കിൽ അപ്രതീക്ഷിതമായ ജോലി ന ഷ്ടമാകാം. പെട്ടെന്നുണ്ടാകുന്ന ആഘാതത്തിൽ എന്തു ചെയ്യണമെന്നറിയാതെ നാം പ്ര തിസന്ധിയിലാകുമെങ്കിലും, ഇത്തരം സാഹചര്യങ്ങൾ അതിജീവിച്ച് ജീവിതം മുന്നോട്ട് പോകേണ്ടതുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ, സ്വർഗത്തിന്റെ ദൂതൻ സ്വപ്നത്തിൻ വന്ന്

യൗസേപ്പിതാവിനോട് പറഞ്ഞ സന്ദേശം നാം ഓർക്കുകയും നമ്മൾ കടന്നു പോകുന്ന പ്ര ത്യേക സാഹചര്യത്തിന് അനുയോജ്യമാക്കി ആ സന്ദേശത്തെ വ്യാഖ്യാനിക്കേണ്ടതുമാണ്. 'ദാവീദിന്റെ പുത്രനായ ജോസഫ് മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട, അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്.' (മത്തിയി 1:20)

അപ്രതീക്ഷിത സാചര്യങ്ങളെ ഭയമില്ലാതെ ഉൾക്കൊള്ളുമ്പോഴാണ് പ രിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നുവെന്ന ബോധ്യം നമുക്കു ലഭിക്കുന്നത്.

**ആത്മീയ സമ്പത്തിന്റെ സംരക്ഷകനായ ജോസഫ്**

16. പ്രവാസികളായാണ് നാം എല്ലാവരും ഗൾഫ് രാജ്യങ്ങളിൽ എത്തിയിട്ടുള്ളത്. ഇവിടെ നമുക്ക് പൗരത്വമോ ദീർഘകാലം താമസിക്കാനുള്ള ഉറപ്പോ ഇല്ല. പെ ട്ടെന്ന് ജോലി നഷ്ടപ്പെടുക വിസ റദ്ദാക്കപ്പെടുക, താമസസ്ഥലം നഷ്ടപ്പെടുക തുടങ്ങിയ പ്രതിസന്ധികൾ അനുഭവിക്കേണ്ടിവന്ന നിരവധിപേർ നമുക്കിടയിലുണ്ട ്. മഹാമാരിക്കാലത്ത് ഇവയെല്ലാം സർവ്വസാധാരണമായി. പ്രതികൂല സാഹചര്യങ്ങൾ എന്ന യാഥാർത്ഥ്യത്തിനു മുന്നിൽ പലർക്കും നിസ്സഹായരായി നിൽക്കേണ്ടി വന്നു. ഇവിടെയുള്ളതെല്ലാം ഉപേക്ഷിച്ച് തിടുക്കത്തിൽ ജന്മനാട്ടിലേക്കും ജോലിയുടെ ന ിലനിൽപ്പിനായി മറ്റുരാജ്യങ്ങളിലേക്ക് പോകേണ്ടിവന്നവരും നമ്മുക്കിടയിലുണ്ട്. പ ുതിയ രാജ്യത്തിന്റെ ഭാഷയും സംസ്കാരവും തിടുക്കത്തിൽ ഉൾക്കൊള്ളേണ്ടിയവരുമു ണ്ട് ഇവരിൽ പലർക്കും മുൻപരിചയമില്ലത്ത പുതിയ സാഹചര്യങ്ങളോട് ഇണങ്ങി ചേരേണ്ടിവരുന്നതു മൂലം തങ്ങളുടെ യഥാർത്ഥ വ്യക്തിത്വങ്ങൾ നഷ്ടപ്പെട്ടു പോകുന്നു.

കൃത്യമായി പറഞ്ഞാൽ ഇതാണ് പ്രവാസികൾ മുമ്പ് നേരിട്ടതും ഇപ്പോൾ നേരിടേണ്ടതുമാ യ ഒരു പ്രധാന പ്രശ്നം. ഇത് ക്രിസ്തീയ സഭയ്ക്കും ബാധകമാണ്. സഭയുടെ ഭൗതിക പ്ര യാണത്തിൽ എന്തൊക്കെ ഘടകങ്ങൾ സംരക്ഷിക്കണം, എന്തൊക്കെ ഒഴിവാക്കണം എന്ന ചോദ്യവുമായി ബന്ധപ്പെട്ടാണ് സഭയിൽ ഇന്ന് നിലനിൽക്കുന്ന പല സംഘർഷങ്ങളും. ഇതിന ുള്ള ഹ്രസ്വമായ ഉത്തരം സ്വർഗ്ഗീയ ദൂതൻ യൗസേപ്പിതാവിന് നൽകിയ ഉത്തരവിലുണ്ട്. 'എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രായേൽ ദേശത്തേക്ക് മടങ്ങുക'. യേശുതന്നെയും 'വിശുദ്ധ നാട്' എന്ന് നമ്മൾ വിളിക്കുന്ന സ്ഥലത്തെ എങ്ങും സ്ഥിര താമസമില്ലാതെ ചുറ്റിസഞ്ചരിച്ചിരുന്ന വചന പ്രഘോഷകനായിരുന്നു. ഭൗതികമായി, ഏറ്റ വും അത്യാവശ്യമുള്ളവ മാത്രവും, ആത്മീയമായി അതെ സമയം സമ്പന്നരായിരിക്കുവാന ും അവിടുന്ന് തന്റെ ശിഷ്യരെ ഉപദേശിച്ചുപോന്നു. അതായത്; ദൈവരാജ്യം പ്രഘോഷി ക്കുക, ദുഷ്ടാരൂപികളെ പുറത്താക്കുക, പാപങ്ങൾ ക്ഷമിക്കുക, രോഗികളെ സൗഖ്യമാ ക്കുക, ജീവന്റെ അപ്പത്താൽ ജനങ്ങളെ പരിപുഷ്ടിപ്പെടുത്തുക, അങ്ങനെ അവരെ ക്രി

സ്തുവിലുള്ള വിശ്വാസികളായി മാറ്റുക. വി. യൗസേപ്പിതാവിനോടുള്ള ദൈവദൂതന്റെ വാക്കുകൾ യേശുവിന്റെ ഓരോ അനുയായിയോടുടുമുള്ളവയാണ് : 'ശിശുവിനെയും അമ്മയെയും കൂട്ടി പോകുക!'. യേശുക്രിസ്തുവിനെയും, അമ്മ മറിയത്തെയും അവർ ഉറച്ചു നിന്ന ദൈവവചനത്തെയും ഒരിക്കലും വിട്ടുകളയാതിരിക്കുക. ഒപ്പം കൂദാശകളും, പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള അചഞ്ചല വിശ്വാസവും ചേർത്തു പിടിക്കുക. മറിയത്തെപ്പോലെ ഇത്തരം സന്ദർഭങ്ങളിൽ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കാനായി വിളിക്കപ്പെട്ടവരാണ് നാം. (ലൂക്കാ 2:19, 51) അപ്പോൾ നമ്മുടെ വിശ്വാസത്തിന്റെ രഹസ്യങ്ങൾ നമുക്ക് ഘട്ടംഘട്ടമായി വെളിപ്പെടുകയും ചെയ്യും.

17. ക്രിസ്തുവിൽ പ്രിയ സുഹൃത്തുക്കളെ, വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തിന്റെ മാർഗ്ഗത്തിൽ നാം ഓരോരുത്തരും നമ്മുടെ ജീവിതത്തെ പുനർവ്യാഖ്യാനിക്കേണ്ടത് അത്യാവശ്യമാണ്. 'എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി മടങ്ങുക' എന്ന് യൗസേപ്പിതാവിന് ലഭിച്ച സന്ദേശം പോലെ, യേശുവിനെയും മാതാവിനെയും നമ്മുടെ ജീവിതത്തിലേക്ക് ചേർത്ത് മുന്നോട്ടു നീങ്ങുക എന്ന ഒരു സന്ദേശം നമുക്കും നൽകപ്പെട്ടിട്ടുണ്ട്. യേശുവിനെയും അമ്മയെയും ജീവിതത്തിന്റെ ഭാഗമാക്കുകയും പൂർണ്ണ വിശ്വാസമർപ്പിക്കുകയും ചെയ്യുമ്പോൾ, ഈ പ്രതിസന്ധി കാലഘട്ടത്തിൽ നാം നേരിടുന്ന നിരവധിയായ യാതനകൾക്ക് ആ അമ്മയും മകനും നമുക്ക് പ്രതിഫലം നൽകും. യേശുവും മാതാവും നമ്മോടൊപ്പമുണ്ടെങ്കിൽ, ദുരിതപൂർണ്ണമായ സാഹചര്യങ്ങളിലൂടെ കടന്നു പോകുമ്പോഴും നാം തളരുകയില്ല. ഗബ്രിയേൽ മാലാഖയുടെ മംഗളവാർത്ത പ്രഖ്യാപനം മുതൽ ഈശോയെ കുരിശിൽ തറക്കപ്പെട്ടതുവരെ യൗസേപ്പിതാവിനും മറിയത്തിനും ഒട്ടേറെ യാതനകളിലൂടെ കടന്നു പോകേണ്ടതുണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ കുരിശിനു താഴെ ദുഃഖാർത്തയായി വിധവയായ മറിയം നിന്നപ്പോൾ വിശുദ്ധ യൗസേപ്പിതാവിനെയും കൂടി മറിയം പ്രതിനിധാനം ചെയ്തിരുന്നു. അതുകൊണ്ട് കൂടിയാണ് യേശുവിന്റെ സംരക്ഷകൻ (guardian of redeemer) എന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ യൗസേപ്പിതാവിനെ വിളിക്കുന്നത്.

യൗസേപ്പിതാവിനെപ്പോലെ ലളിത ജീവിതം നയിച്ച് ചെറിയ ജോലികൾ ചെയ്യുന്നതിനിടയിലും, ജീവിത പ്രശ്നങ്ങളിൽ നട്ടം തിരിയുന്നവർക്ക് പ്രതീക്ഷയുടെ ചെറുകിരണങ്ങൾ നൽകാനായി തങ്ങൾക്ക് പറ്റുന്ന രീതിയിൽ സഹായം എത്തിക്കാൻ ശ്രമിക്കുന്ന ഒട്ടേറെ പേർ നമുക്കിടയിലുണ്ട്. അവരോടുള്ള നന്ദി ഞാൻ അറിയിക്കുന്നു. നഷ്ടവും കഷ്ടവും അനുഭവിക്കുന്ന സഹോദരന് പ്രത്യക്ഷമായും പരോക്ഷമായും ഇവർ സഹായം നൽകുന്നുണ്ട്. ആരോഗ്യ മേഖലയിലും സാമൂഹിക സേവന രംഗത്തും ഭക്ഷണ വിതരണ രംഗത്തുമെല്ലാം പ്രവർത്തിക്കുന്നവരെയും ഞാൻ നന്ദിയോടെ ഓർക്കുന്നു. മത്തായിയുടെ സുവിശേഷം 20:12-ൽ പറയുന്നതുപോലെ പകലിന്റെ ചൂടും അധ്വാനവും അഥവാ മഹാമാരിയുടെ ചൂടും അധ്വാനവും പേറിയാണ് ഇവരെല്ലാം സഹോദരങ്ങളുടെ കഷ്ടതയും ഏകാന്തതയും ലഘൂകരിക്കാനായി പ്രയത്നിക്കുന്നത്.

**ജോസഫ്, ജീവന്റെ പാലകൻ**

18. 'നമുക്ക് ദാനമായി കിട്ടിയ ജീവിതം എത്ര ക്ഷണഭംഗുരമാണെന്ന് ഈ മഹാമാരി കാലഘട്ടം നമ്മെ പഠിപ്പിച്ചു. ചുരുങ്ങിയ ദിവസങ്ങൾക്കൊണ്ട് നമ്മിൽ ചിലർക്കെല്ലാം കുടുംബ ാംഗങ്ങളെയും ബന്ധുക്കളെയും സുഹൃത്തുക്കളെയും നഷ്ടപ്പെട്ടു. പ്രിയപ്പെട്ടവരുടെ ഇഹലോകത്തിൽ നിന്നുള്ള അന്ത്യയാത്രയിൽ പങ്കുചേരാനോ അതുവേണ്ടവിധം ന ടത്തുവാനോ പോലും പലർക്കും കഴിഞ്ഞില്ല. നിയമം അനുവദിക്കാത്തതു കൊണ്ട ാണെങ്കിൽ പോലും ഇക്കാര്യത്തിൽ കുറ്റബോധത്തിൽ പലരുമുണ്ടാവാം. ബത്‌ലഹേമിലെ ആൺശിശുക്കളെയെല്ലാം കൊന്നുകളയാൻ ഹെറോദേസ് രാജാവ് ഉത്തരവിട്ടപ്പോൾ വിശുദ്ധ യൗസേപ്പിതാവും ജീവിതത്തിൽ കടുത്ത ഭീഷണി നേരിട്ടിട്ടുണ്ട്. നമ്മുടെ കാലഘട്ടത്തിലും രോഗങ്ങളും മറ്റ് ബാഹ്യ ആക്രമണങ്ങളും നമ്മുടെ ജീവന് ഭീഷണിയായിട്ടുണ്ട്. ലോകത്താകമാനം എത്രയോ ജീവനുകളാണ് ഗർഭച്ഛിദ്രങ്ങൾ മൂലം നഷ്ടമാകുന്നത്. യമനിലും മറ്റ് യുദ്ധമേഖലയിലെ അഭയാർത്ഥി ക്യാമ്പുകളിലും കഴിയുന്ന കുഞ്ഞുങ്ങളെ ഓർക്കുക. ലൈംഗിക ചൂഷണങ്ങൾക്ക് വിധേയരാകുന്നവരും മനുഷ്യക്കടത്തിന് ഇരയാകുന്നവരുമായ ജീവിതങ്ങളെക്കുറിച്ചും നാം മറന്നുകൂടാ. അടിമക്കച്ചവടക്കാരുടെ ആവശ്യങ്ങൾക്ക് വഴങ്ങാതിരുന്നാൽ മിക്കവാറും ഇവരെല്ലാം കൊല്ലപ്പെടുകയാണുണ്ട ാകുന്നത്. സ്വർഗ്ഗീയ സന്ദേശത്തിലൂടെ ലഭിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ച് ഉചിത മായി പ്രവർത്തിക്കാൻ സാധിച്ചതിനാൽ യൗസേപ്പിതാവിന് ഇത്തരം ഒരു അപകടത്തിൽ നിന്നും ഉണ്ണിയീശോയുടെ ജീവൻ ഹെറോദേസ് രാജാവിൽ നിന്നും രക്ഷിക്കാനായി. ഗർഭധാരണം മുതൽ സ്വാഭാവിക മരണം വരെയുള്ള ഓരോ മനുഷ്യ ജീവന്റെയും സംരക്ഷണത്തിനായി നമ്മുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്യാൻ നാം പരിശ്രമിക്കാറുണ്ടോ? ഓരോ മനുഷ്യ ജീവനും നിലനിർത്താനായി വേണ്ടതെല്ലാം ചെയ്യാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രിസ്ത്യാനിയും. അല്ലാതെ മരണത്തെ പ്രേ ാത്സാഹിപ്പിക്കുന്നതിനല്ല. ജീവന് ഭീഷണി നൽകുന്ന ഹെറോദ് രാജാവിനെപ്പോലെയാകാനല്ല ജീവൻ സംരക്ഷിക്കുന്ന യൗസേപ്പിതാവിനെ പോലെയാകാനാണ് നാം ശ്രമിക്കേണ്ടത്.

**നന്മരണത്തിന്റെ പാലകനായ യൗസേപ്പിതാവ്**

19. മരണവുമായി വളരെയടുത്തു തന്നെയാണ് നാം ഓരോരുത്തരും ജീവിക്കുന്നതെന്ന് ഈ മഹാമാരിക്കാലം നമുക്ക് സ്പഷ്ടമാക്കിത്തന്നു. ഒരു പക്ഷേ ഈ യാഥാർത്ഥ്യം നാം മുമ്പ് മനസ്സിലാക്കിയിരുന്നില്ല. വളരെയടുത്തു മഹാമാരി കാലഘട്ടം ഇക്കാര്യത്തിൽ ഒരു വിളിച്ചുണർത്തലായിരുന്നു. വൈറസ്ബാധ ഏൽക്കുമോ എന്ന ഭീതി എല്ലാവരിലും ഉണ്ടായി. മരണത്തിന്റെ ക്രൂരഭാവങ്ങൾ കുടുംബാംഗങ്ങൾക്കിടയിലും സുഹൃത്തുക്കൾക്കിടയിലും ഉണ്ടാക്കിയ പ്രഹരം നാം നേരിൽ കണ്ടു. അതിനാൽ നന്മരണത്തിന്റെ പാലകൻ എന്ന് ആഗോള തലത്തിൽ വണങ്ങപ്പെടുന്ന വിശുദ്ധ യൗസേപ്പിതാവിനോടുള്ള നമ്മുടെ വ

ണക്കവും ഭക്തിയും പുനരുജ്ജീവിപ്പിക്കേണ്ട ശരിയായ സമയം തന്നെയാണിപ്പോൾ. മരണസമയത്ത് ഓരോരുത്തരും അവരുടെ ബന്ധുക്കളും യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന ചൊല്ലാൻ സഭ അനുശാസിക്കുന്നുണ്ട്. (മരണാസന്നർക്കു വേണ്ടിയുള്ള സഭയുടെ പ്രാർത്ഥനയിൽ നിന്ന് 217,220A) യൗസേപ്പിതാവിന്റെ മരണം എപ്പോഴായിരുന്നെന്നോ എങ്ങനെയായിരുന്നെന്നോ നമുക്ക് കൂടുതലായി ഒന്നും അറിയില്ല. എന്നിരുന്നാലും തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ സാന്നിധ്യത്തിലാണ് വിശുദ്ധ യൗസേപ്പിതാവിന്റെ വിയോഗം എന്നാണ് മിക്ക ഭക്തരും വിശ്വസിക്കുന്നത്. അവസാന മണിക്കൂറുകളിൽ യേശുക്രിസ്തുവിന്റെ സാന്നിധ്യമല്ലാതെ മറ്റെന്താണ് നമുക്ക് ആഗ്രഹിക്കാനുള്ളത്.

**"'ജോസഫിന്റെ അടുക്കലേക്ക് ചെല്ലുക"''**

20. വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിരുനാളിൽ വിശുദ്ധ കുർബാനയിൽ നാം ഇങ്ങനെ പ്രാർത്ഥിക്കുന്നു. 'അങ്ങേ ഏകപുത്രനും പരിശുദ്ധാത്മാവിന്റെ പ്രതിബിംബനത്താൽ ജാതനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന് പൈതൃക സംരക്ഷണം നല്കാനായി കന്യകമാതാവിന്റെ ഭർത്താവായി അങ്ങു നല്കിയ നീതിമാനായ വിശുദ്ധ യൗസേപ്പ്, വിശ്വസ്തനും വിവേകിയുമായ ദാസനായി അങ്ങേ കുടുംബത്തിനുമേൽ അവരോധിക്കപ്പെട്ടുവല്ലോ.' വളരെ വിനീതവും ഉപകാരപ്രദവുമായ ഒരു ദൗത്യമായിരുന്നു വിശുദ്ധ യൗസേപ്പിതാവിന് നിറവേറ്റാനുണ്ടായിരുന്നത്. നമ്മുടെ സ്വകാര്യ വിശ്വാസത്തിൽ വിശുദ്ധ യൗസേപ്പിതാവിനെ നമുക്ക് മാർഗ്ഗദർശിയാക്കാവുന്നതാണ്. ദൈവത്തിൽ വിശ്വസിക്കുന്നതിനും ദൈവികകാര്യങ്ങൾ പരിപാലിക്കുന്നതിനും മനുഷ്യാവതാരം സ്വീകരിച്ച ദൈവപുത്രനെ പരിപാലിക്കുന്നതിനുംവിദ്യാഭ്യാസ യോഗ്യതയോ, മതപരമായ പ്രയത്നങ്ങളോ ആവശ്യമില്ലെന്ന് വിശുദ്ധ യൗസേപ്പിതാവ് നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ പദ്ധതികളോടുള്ള മൗനമായ സമ്മതം മാത്രമാണ് ഇതിനുള്ള യോഗ്യത. അമ്മ മറിയത്തോടൊപ്പമുണ്ടാവുകയും തങ്ങളുടെ പുത്രനെ പരിപാലിക്കുകയും ചെയ്യേണ്ട ദൗത്യമായിരുന്നു യൗസേപ്പിതാവിനുണ്ടായിരുന്നത്. തന്റെ പുത്രന്റെ അസാധാരണ പെരുമാറ്റ രീതികൾ ചിലപ്പോഴൊക്കെ യൗസേപ്പിതാവിനെ വേദനിപ്പിച്ചിട്ടുമുണ്ടാവാം. ദേവാലയത്തിൽ വച്ച് 12 വയസുകാരനായ യേശുവിനെ ശാസിക്കുമ്പോൾ അമ്മയായ മറിയം തന്റെ ഭർത്താവിനു വേണ്ടി സംസാരിക്കുന്നുണ്ട്. 'മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്, നിന്റെ പിതാവും ഞാനും ഉത്ക്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു. അവൻ അവരോട് ചോദിച്ചു. നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിക്കുന്നത്. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ.? അവൻ തങ്ങളോട് പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല' (ലൂക്കാ 2:48 - 49) യേശു എന്താണ് നമ്മോടിങ്ങനെ പെരുമാറുന്നതു മനസ്സിലാക്കാനാകാതെ ചിലപ്പോഴെങ്കിലും ആശങ്കപ്പെടുന്ന നമുക്കോരോരുത്തർക്കും ഈ വചനം ഒരു ആശ്വാസമാണ്. ദൈവിക നിഗൂഢതകളോട് ചേർന്ന് നിന്ന് വിശ്വസ്തയോടെ ജീവിക്കുന്നതെങ്ങനെ

യെന്ന്, മറ്റാരേക്കാളും നന്നായി നമ്മെ പഠിപ്പിക്കാൻ വിശുദ്ധ യൗസേപ്പിതാവിനു സാധിക്കും.

വിശുദ്ധ യൗസേപ്പിതാവിന്റെ തീവ്രഭക്തയും സഭയുടെ വേദപാരംഗതയുമായി വിളിക്കപ്പെടുന്ന ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യാ, തന്റെ സഭയിലെ കന്യാസ്ത്രീകളോട് 'ജോസഫിന്റെ പക്കലേയ്ക്ക് പോകുക' (ഉൽപ്പത്തി 41:55) എന്ന് ഉപദേശിക്കുമായിരുന്നു. പഴയ നിയമത്തിലെ ഇസ്രായേൽക്കാരൻ ജോസഫിനെക്കുറിച്ചുള്ള ഈ വാക്കുകൾ അക്കാലത്ത് ചില വിശുദ്ധന്മാർ വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ചും പരാമർശിക്കുന്നതായി കാണുന്നുണ്ട്.

നമ്മുടെ ദൈനംദിന ജീവിതരീതിയും ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങളും ജോലിയും യാത്രയുമെല്ലാം കൊണ്ടുപോകുന്നതിനോടൊപ്പം ദൈവസാന്നിധ്യവും കൂടെ ചേർക്കാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഒരു ഉത്തമ മാതൃകയാണ് വിശുദ്ധ യൗസേപ്പിതാവ്. സഭയാകുന്ന കുടുംബത്തിന്റെ തലവനായി ദൈവം നിശ്ചയിച്ച വിവേകിയും വിശ്വസ്ത ദാസനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ അടുത്തേയ്ക്ക് നമുക്കു പോകാം. നമ്മുടെയും സഭയുടെയും നാമോരോരുത്തരുടേയും തീർത്ഥയാത്രയിലൂടെ ക്രിസ്തീയ പ്രയാണത്തിന്റെ മാർഗ്ഗദർശിയായും, പരിപാലകനായും ദൈവം നിശ്ചയിച്ചിട്ടുള്ളവനും വിശുദ്ധ യൗസേപ്പിതാവിന്റെ പക്കലേയ്ക്ക് നമുക്ക് ചെല്ലാം.

വിശുദ്ധ യൗസേപ്പേ, ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമേ!

**ബിഷപ്പ് പോൾ ഹിന്റർ O. F. M. Cap.**

അപ്പസ്തോലിക വികാര ഓഫ് സത്തേൺ അറേബ്യ
അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ ഓഫ് നോർത്തേൺ അറേബ്യ

(അബു ദാബി, ഫെബ്രുവരി 25 , 2021)

## APOSTOLIC VICARIATE OF SOUTHERN ARABIA

P.O. Box 54, Abu Dhabi. Tel: +971 2 446 1895, Fax: +971 2 446 5177
Email: info@avosa.org | Website: www.avosa.org

### PARISHES IN THE U.A.E.

ABU DHABI - St. Joseph's Church
P.O. Box 54, Abu Dhabi.
Tel: 02 446 1929, Fax: 02 446 1868
abuparish@yahoo.com
www.stjosephsabudhabi.org

ABU DHABI - St. Paul's Church, Musaffah
P.O. Box 9218, Abu Dhabi.
Tel: 02 446 1114, Fax: 02 4462300
info@stpaulsabudhabi.org
www.stpaulsabudhabi.org

RUWAIS - St. John the Baptist Church
Tel: 02 8847053
jbcchurchruwais@gmail.com

AL AIN - St. Mary's Church
P.O. Box 15645, Al Ain.
Tel: 03 721 4417, Fax: 03 721 7929
alainchurch@gmail.com
www.stmarysalain.org

DUBAI - St. Mary's Church
P.O. Box 51200, Dubai.
Tel: 04 337 0087 /335 8504,
Fax: 04 334 7594
office@saintmarysdubai.org
www.saintmarysdubai.org

JEBEL ALI - St. Francis of Assisi Church
P.O. Box 72715, Jebel Ali.
Tel: 04 884 5251
info@stfrancisjebelali.ae
www.stfrancisjebelali.ae

FUJAIRAH - Our Lady of Perpetual Help Church
P.O. Box 1168, Fujairah.
Tel: 09 223 1377, Fax: 09 222 3238
olphfujairah@gmail.com
www.olphfujairah.org

RAS AL KHAIMAH - St. Anthony of Padua Church
P.O. Box 10946, Ras Al Khaimah.
Tel: 07-2444320, Fax 07-2444321
info@stanthonyrak.org
www.stanthonyrak.org

SHARJAH - St. Michael's Church
P.O. Box 1745, Sharjah.
Tel:06 5662424/06 5662049,
Fax: 06 566v3324
sharjahstmichael@gmail.com
www.stmichaelssharjah.org

### PARISHES IN OMAN

RUWI - MUSCAT - Sts. Peter and Paul Church
P.O. Box 613, Ruwi 112.
Tel: +968 2470 1893, Fax: +968 2478 8840
ppruwiparish@gmail.com
www.ruwiparish.org

GHALA - MUSCAT - Holy Spirit Church
P.O. Box 371, Madinat Qaboos 115.
Tel: +968 2459 0373, Fax: +968 2450 2513
ghalachc@omantel.net.om
www.holyspiritchurchoman.org

SALALAH - St. Francis Xavier Church
P.O. Box 1405, Salalah 211.
Tel: +968 2323 5727, Fax: +968 2323 5787
catholicsalalah@gmail.com
www.stfrancissalalah.org

SOHAR - St. Anthony's Church
P.O. Box 842, Sohar 311.
Tel: +968 2684 1396, Fax: +968 2684 4469
office@soharchurch.org
www.soharchurch.org

Apostolic Vicariate
of Southern Arabia
The Catholic Church in UAE, Oman & Yemen

P.O. Box 54, Abu Dhabi
United Arab Emirates
Tel: +971 2 446 1895
Email: info@avosa.org
www.avosa.org
@avosarabia